## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരം ആഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയ 28,030/-രൂപയുടെ ചെലവിന് സാധൂകരണം നൽകിയും 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.15 പ്രകാരം ആഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയ 6,00,000/-രൂപയുടെ ചെലവ് സംബന്ധിച്ച സാധൂകരണാപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 2159/2016/തസ്വഭവ. തിരുവനന്തപുരം,തീയതി:18/07/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 21/08/2015-ലെ എം3-26968/2015 നമ്പർ കത്ത്.
2) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 04/04/2016-ലെ കെ.എസ്.എ 297/പിറ്റി1/2016 നമ്പർ കത്ത്

### ഉത്തരവ്

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2010-2011 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം സർക്കാർ സർക്കുലറിൽ നിന്നും വ്യതിചലിച്ച്, ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി 28,030/-(ഇരുപത്തി എട്ടായിരത്തി മുപ്പത് രൂപ മാത്രം) രൂപയും 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-15 പ്രകാരം ക്ഷീരോത്പാദകസംഘങ്ങൾക്ക് വേണ്ടി റിവോൾവിംഗ് ഫണ്ടിൽ നിന്നും ചെലവഴിച്ച 6,00,000/- (ആറു ലക്ഷം രൂപ മാത്രം) രൂപയും ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ 3-4, 3-15 എന്ന് ഖണ്ഡികകൾ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15 പ്രകാരം സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അടച്ചതിനാൽ തടസ്സപ്പെടുത്തിയ 6,00,000/- (ആറ് ലക്ഷം രൂപ മാത്രം) രൂപയുടെ ചെലവ് സംബന്ധിച്ച സാധൂകരണാപേക്ഷ നിരസിച്ചു കൊണ്ടും 2010-2011 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 28,030/-(ഇരുപത്തിഎട്ടായിരത്തി മുപ്പത് രൂപ മാത്രം) രൂപയുടെ ചെലവിന് ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമേ ഇത്തരത്തിലുള്ള ചെലവുകൾ ചെയ്യാവൂ എന്ന താക്കീതോടെ, സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി

അണ്ടർസെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
വെബ് &ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ